പട്ടാമ്പി വികസന ബ്ലോക്കിൽ നിർമ്മാണം ആരംഭിച്ച പദ്ധതികൾ

177 (3132) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി വികസന ബ്ലോക്കിൽ എസ്.ബി.ആർ.വൈ. പദ്ധതി സമർപ്പിച്ച ദുരിതാശ്വാസ ഫണ്ട് അടക്കം നിർമ്മാണം ആരംഭിച്ച ഗ്രാമീണ റോഡുകൾ, ജലസേചന പദ്ധതികൾ എന്നിവയുടെ പേരു വിവരവും എസ്റ്റിമേറ്റ് സംഖ്യയും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ഖാദി ബോർഡ് യൂണിറ്റുകൾക്ക് നൽകിയ ധനസഹായം

178 (3133) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന ഖാദി ബോർഡ് എത്ര യൂണിറ്റുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട് ;

(ബി) 31-5-2003-ലെ കണക്കനുസരിച്ച് ഖാദി ബോർഡ് ആകെ എന്തു ധനസഹായം നൽകിയിട്ടുണ്ട് ;

(സി) അതിൽ ഗ്രാന്റെത്ര ; ലോൺ എത്ര എന്നു വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം ഇനത്തിലുള്ള യൂണിറ്റുകൾക്കാണ് ഖാദി ബോർഡിൽ നിന്ന് ഗ്രാന്റും സബ്സിഡിയും നല്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 614 യൂണിറ്റുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) 829.50 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റായി വിതരണം ചെയ്തിട്ടുണ്ട്.

(സി) ഗ്രാന്റ് 829.60 ലക്ഷം രൂപ, ലോൺ (ബാങ്ക് മുഖേന) 2,092.49 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly